"ഭരണഭാഷ മാതൃഭാഷ"
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 ലെ കമ്പനി നിയമപ്രകാരം രൂപീകൃതം)
CIN: U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം–695 004. കേരള
ടെലിഫോൺ നം. : 91-471-2514235, 91-471-2514463, 91-471-2448948
ഇ-മെയിൽ : cehrm@kseb.in esthrm@kseb.in,
വെബ് സൈറ്റ് : www.kseb.in.

## സംഗ്രഹം

വിഷയം: വൈദ്യുതി ലൈനിലെ ജോലിക്കിടെ അപകടം നേരിട്ട തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ മണിപ്പുഴ ഇലക്ട്രിക്കൽ സെക്ഷനിലെ ഇലക്ട്രിസിറ്റി വർക്കറായിരുന്ന ശ്രീ.കെ.ബി.വിജയന് (എംപ്ലോയീ കോഡ് 1055830) 2016-ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങളും ആക്ടും ചട്ടങ്ങളും അനുശാസിക്കുന്ന സംരക്ഷണം നൽകി ബോർഡ് സർവ്വീസിലേക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

കോർപ്പറേറ്റ് ഓഫീസ് (എച്ച്.ആർ.എം)

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി)നം.689/2022 (ഇ.ബി.7(ഡി)/2016-18/വിജയൻ/21-22

തിരുവനന്തപുരം, തീയതി 06.08.2022

വായന:
1) ആലപ്പുഴ മെഡിക്കൽ ബോർഡിന്റെ 23.04.2013 തീയതിയിലെ No.L-113/13 മെഡിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ്.
2) B.O(FTD)No.2171/2014 (Estt.I/7639/2012) dated, Tvpm, 13.08.2014.
3) ശ്രീ.കെ.ബി. വിജയന്റെ കുടുംബത്തിന്റെ നിവേദനത്തിന്മേൽ ഡയറക്ടർ (റീസ് സൗര, സ്പോർട്ട്സ് ആന്റ് വെൽഫയർ) 04.02.2022-ന് ബഹു. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയ ജനറൽ/21-22/108 നമ്പർ കുറിപ്പ്.
4) 25.04.2022 തീയതിയിലെ ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ LAS.III/Vijayan K B/legal opn/2022/91 നമ്പർ നിയമോപദേശം.
5) ചീഫ് പേഴ്സണൽ ഓഫീസറുടെ 15.06.2022 തീയതിയിലെ നമ്പർ P8/ കെ.ബി.വിജയൻ 2022 കുറിപ്പ്.
6) ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) 27.05.2022-ന് ഫുൾടൈം ഡയറക്ടർമാർ മുമ്പാകെ സമർപ്പിച്ച നമ്പർ ഇ.ബി.7(ഡി)/18/വിജയൻ/21-22 കുറിപ്പ് (അജണ്ട നമ്പർ 7/7-22).
7) B.O(FTD)No.287/2021 (PS1/2942/2019) തിരുവനന്തപുരം, തീയതി 04.05.2021.

## ഉത്തരവ്

തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലെ മണിപ്പുഴ സെക്ഷനിൽ ഇലക്ട്രിസിറ്റി വർക്കറായി ജോലി നോക്കിയിരുന്ന ശ്രീ.വിജയൻ.കെ.ബി, എംപ്ലോയീ കോഡ് 1055830 (ജനന തീയതി 18.05.1963, യഥാർത്ഥ വിരമിക്കൽ തിയ്തി 31.05.2019) 20.12.2004-ന് സർവ്വീസിൽ പ്രവേശിച്ചു. 12.04.2006-ന് ജോലിക്കിടെയുണ്ടായ അപകടത്തെ തുടർന്ന് 8 വർഷം സ്പെഷ്യൽ ഡിസബിലിറ്റി ലീവിൽ തുടർന്ന ശേഷം

ടിയാന്റെ ആവശ്യപ്രകാരം വായന (2) ഉത്തരവിന്റെ വെളിച്ചത്തിൽ 13.04.2014 തീയതി പ്രാബല്യത്തിൽ വരുന്ന തരത്തിൽ ഇൻവാലിഡ് പെൻഷൻ അതേ തസ്തികയിൽ അനുവദിച്ച് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിരുന്നു. തുടർന്ന് ടിയാന്റെ മകൾ ശ്രീമതി ആനി.കെ.വിജയൻ തന്റെ പിതാവിന്റെ 60 ശതമാനം ഡിസബിലിറ്റി കാണിക്കുന്ന വായന (1) സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ നൽകിയ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിലവിലെ ആശ്രിത നിയമന ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ശ്രീമാൻ വിജയൻ 100 ശതമാനം വൈകല്യമുള്ള ആളല്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു.

തുടർന്ന് ബഹു.ഡയറക്ടർ (റീസ് - സൗര സ്പോർട്ട്സ് ആന്റ് വെൽഫയർ) ബഹു.ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി ലിമിറ്റഡിന് കുടുംബത്തിന്റെ ദയനീയസ്ഥിതി മനസ്സിലാക്കി നൽകിയ വായന (3) കുറിപ്പിനെ തുടർന്ന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ബോർഡിലേക്ക് സമർപ്പിച്ച കുറിപ്പിൽ ബഹു. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ നിയമോപദേശം ആവശ്യപ്പെട്ടതനുസരിച്ച് വായന (4) പ്രകാരം ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ നിയമോപദേശം ലഭിക്കുകയുണ്ടായി.

ആലപ്പുഴ എസ്.എൽ.പുരം സെക്ഷനിൽ ലൈൻമാനായിരുന്ന ശ്രീ.കൊച്ചുകുട്ടന്റെ കാര്യത്തിൽ നൽകിയതിന് സമാനമായ നിയമോപദേശമാണ് ശ്രീ.വിജയന്റെ കാര്യത്തിലും Legal Advisor & Disciplinary Enquiry Officer-ൽ നിന്നും ലഭിച്ചത്. ശ്രീ.കൊച്ചുകുട്ടനെ പോലെ തന്നെ ശ്രീ.വിജയനും ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും (1995-ലെ സെക്ഷൻ-47) അനുശാസിക്കും പ്രകാരം ജോലി സംരക്ഷണത്തിനർഹനാണെന്നും 2014-ൽ ടിയാന് ഇൻവാലിഡ് പെൻഷൻ നൽകിയത് പുനർവിചിന്തനം ചെയ്ത് ടിയാനെ ഇൻവാലിഡ് പെൻഷൻ നൽകിയ തീയതി മുതൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് പ്രമോഷൻ ഉൾപ്പെടെ സർവ്വ ആനുകൂല്യങ്ങളും നൽകി 2019-ൽ ടിയാന്റെ സാധാരണ വിരമിക്കൽ തീയതിയിൽ സൂപ്പറാന്വേഷൻ പെൻഷൻ നൽകി പെൻഷണറായി നിലനിർത്തേണ്ടതാണെന്ന് ശുപാർശ ചെയ്തിരിക്കുന്നു. ഇത്തരത്തിൽ വിരമിക്കൽ പ്രായം വരെ സൂപ്പർ നൂമററിയായി നിലനിർത്തി 2019-ൽ പെൻഷൻ നൽകി പിരിഞ്ഞു പോകുന്ന സാഹചര്യത്തിൽ ടിയാന്റെ മകൾക്ക് ആശ്രിത നിയമനത്തിന് അർഹതയില്ല എന്നും നിയമപരമായ പരിശോധനയ്ക്കുശേഷം അറിയിച്ചിരിക്കുന്നു.

മേൽ വിഷയത്തിന് സമാനമായ ശ്രീ.കൊച്ചുകുട്ടന്റെ കാര്യത്തിൽ ബോർഡ് ഇപ്രകാരമുള്ള നിയമോപദേശം അംഗീകരിച്ച് വായന (7) പ്രകാരം വൈദ്യുതി ലൈനിലെ ജോലിക്കിടെ അപകടം നേരിട്ട് ദീർഘകാലമായി ശയ്യാവലംബനായി കഴിഞ്ഞിരുന്ന ശ്രീ.കൊച്ചുകുട്ടന്റെ അപ്പോഴത്തെ ആരോഗ്യ സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക മാനുഷിക പരിഗണന നൽകിയും എന്നാൽ ഈ നടപടി ഒരു കീഴ്‌വഴക്കമാകാൻ പാടില്ല എന്ന വ്യവസ്ഥയോടെയും ശ്രീ.കൊച്ചുകുട്ടനെ 2016-ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച നിയമത്തിലെ സെക്ഷൻ 20 (1995-ലെ ആക്ട് സെക്ഷൻ-47) അനുസരിച്ചുള്ള സംരക്ഷണം നൽകി, ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യത്തോടെ കെ.എസ്.ഇ.ബി ലിമിറ്റഡ് സർവ്വീസിൽ ഉൾക്കൊണ്ട് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും KSR, ഭാഗം-III-ലെ ചട്ടം 46(a) പ്രകാരം അനുവദിച്ചിട്ടുള്ള ഇൻവാലിഡ് പെൻഷൻ റദ്ദുചെയ്തു. അതിന്റെ ഭാഗമായി നൽകിയ പെൻഷനും ഗ്രാറ്റുവിറ്റി തുകയും

ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ നിന്നും തട്ടിക്കിഴിക്കാനും തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. ഇതോടൊപ്പംതന്നെ ഭാവിയിൽ ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണം സംബന്ധിച്ചോ അല്ലാതെയോ ഉള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് ശ്രീ.കൊച്ചുകുട്ടന് നൽകിയ ഈ ഉത്തരവ് ഒരു കീഴ്‌വഴക്കമാകാൻ പാടില്ലാത്തതാണെന്നും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ വിഷയം വായന 6 കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കപ്പെട്ടു. 07.07.2022-ന് കൂടിയ ബോർഡിന്റെ മുഴുവൻസമയ അംഗങ്ങളുടെ യോഗം വിഷയം വിശദമായി പരിശോധിക്കുകയും, ചുവടെ ചേർക്കുന്ന തീരുമാനമെടുക്കുകയും ചെയ്തു.

1. ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ നൽകിയ നിയമോപദേശത്തിന്റെ വെളിച്ചത്തിൽ ശ്രീ.വിജയൻ.കെ.ബി-യ്ക്ക് അനുവദിച്ചു നൽകിയ ഇൻവാലിഡ് പെൻഷൻ റദ്ദുചെയ്ത്, 2016-ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമത്തിലെ സെക്ഷൻ 20 (1995-ലെ ആക്ടിലെ സെക്ഷൻ 47) അനുശാസിക്കുന്ന സംരക്ഷണം നൽകി സ്ഥാപനത്തിലെ ജീവനക്കാരൻ എന്ന നിലയിൽ, ഇൻവാലിഡ് പെൻഷൻ അനുവദിച്ച തീയതിമുതൽ സൂപ്പർ നൂമററി തസ്തികയിൽ തിരികെ പ്രവേശിപ്പിച്ച്, സാധാരണ വിരമിക്കൽ തീയതിയിൽ സൂപ്പറാന്വേഷൻ പെൻഷൻ അനുവദിക്കാൻ തീരുമാനിച്ചു.
2. ശ്രീ.വിജയൻ കെ.ബി-യ്ക്ക് അനുവദിച്ച ഇൻവാലിഡ് പെൻഷൻ റദ്ദാക്കി അതിൻപ്രകാരം ഈ ഇനത്തിൽ നൽകിയ ഗ്രാറ്റുവിറ്റിയും ഇൻവലിഡ് പെൻഷനും ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും തിരിച്ചു പിടിച്ച്, അതോടൊപ്പം ടിയാന്റെ ക്ലോസ് ചെയ്ത സർവ്വീസ് ബുക്ക്, പ്രോവിഡന്റ് ഫണ്ട്, വെൽഫയർ ഫണ്ട് തുടങ്ങിയവ പുനരാരംഭിച്ച് ഇൻവാലിഡ് പെൻഷൻ അനുവദിച്ച തീയതി മുതൽ സർവ്വീസിൽ ഉള്ള ആൾ എന്ന കണക്കിൽ സൂപ്പർ നൂമററി തസ്തികയിൽ നിലനിർത്തി, പ്രമോഷൻ ശമ്പള പരിഷ്കരണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി ശമ്പളം പുനർ നിർണയിച്ച് ഇതിൻമേലുള്ള കുടിശ്ശിഖ ഉൾപ്പെടെ ഇൻവാലിഡ് പെൻഷൻ പ്രകാരം നൽകിയ തുകയിൽ തട്ടിക്കിഴിച്ച് നൽകാനും തീരുമാനിച്ചു.
3. ഇപ്രകാരം ആനുകൂല്യങ്ങൾ നൽകുകവഴി ടിയാന്റെ മകളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് നിരസിച്ചു.
4. ചീഫ് പേഴ്സണൽ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റ് അവശ്യ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീ.വിജയൻ.കെ.ബിയ്ക്ക് വർക്ക്മെൻ കോമ്പൻസേഷൻ നൽകുന്നതിന് അനുമതി നൽകി.

മുഴുവൻ സമയ ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ്/-

ലേഖ. ജി
കമ്പനി സെക്രട്ടറി

ഗ്രാഹകൻ

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)

പകർപ്പ് :

1) ടി.എ ടു ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ / പി.എ ടു ഡയറക്ടർ (ഫിനാൻസ് ആന്റ് എച്ച്.ആർ.എം) / ടി.എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി ആന്റ് എസ്.സി.എം)/ടി.എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സേഫ്റ്റി ആന്റ് പ്ലാനിംഗ്)/ടി.എ ടു ഡയറക്ടർ (ജനറേഷൻ ആന്റ് ഇലക്ട്രിക്കൽ)/ ടി.എ ടു ഡയറക്ടർ [ജനറേഷൻ (സിവിൽ)]/ ടി.എ ടു ഡയറക്ടർ (റീസ്, സൗര, നിലാവ്, സ്പോർട്ട്സ് ആന്റ് വെൽഫയർ).
2) കമ്പനി സെക്രട്ടറി, ഇൻ-ചാർജ്ജ്, കെ.എസ്.ഇ.ബി ലിമിറ്റഡ്.
3) സി.എ ടു സെക്രട്ടറി (ഭരണം).
4) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)-I & II
5) ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ/ ചീഫ് വിജിലൻസ് ഓഫീസർ/ചീഫ് പേഴ്സണൽ ഓഫീസർ/ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ, പെൻഷൻ ആതറൈസേഷൻ/ പെൻഷൻ സാംഗ്ഷൻ/പി.എഫ്/ സീനിയർ സൂപ്രണ്ട്, ഗ്രഡേഷൻ സെക്ഷൻ/ ഫെയർ കോപ്പി സൂപ്രണ്ട്, റിക്കോർഡ് സെക്ഷൻ/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

ആർ.എൽ-361